LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.എസ്.എസ്. കരയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്. 21-3-2015-ലെ തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ എച്ച്2/22150/2015 റ്റി.സി. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.*

(സി) കരയോഗം സെക്രട്ടറി സ്ഥാനം രാജിവയ്ക്കാൻ ശ്രീ. ജി. ആർ. അജിത്തിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.*

(ഡി) ശ്രീ. ജി. ആർ. അജിത് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പാലിച്ചിട്ടുണ്ട്.

(ഇ) ശ്രീ. ജി. ആർ. അജിത്തിനെതിരെ ഒരു വാച്ചാന്വേഷണത്തിന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്.

തിരൂർ കൈനിക്കര എ.എം.എൻ.പി. സ്കൂളിലെ കുട്ടികളുടെ പാഠപുസ്തകം കത്തിച്ച സംഭവം

109(5698) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ തിരൂർ കൈനിക്കര എ.എം.എൻ.പി. സ്കൂളിൽ എസ്.എഫ്.ഐ. വിദ്യാർത്ഥി സംഘടന കുട്ടികൾക്ക് പഠിക്കാനായി സർക്കാരിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് പ്രിന്റ് എടുത്ത് നൽകിയ പാഠപുസ്തകം കത്തിച്ച സംഭവം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1100/2015 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 148, 149, 323, 427, 324, 294(ബി) എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്.

നഴ്സിംഗ് നിയമന തട്ടിപ്പ്

110(5699) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുവൈറ്റിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്ത് തട്ടിപ്പ് നടത്തിയ അൽശഫ ട്രാവൽ ആൻഡ് മാൻ പവർ കൺസൾട്ടൻസി എന്ന സ്ഥാപനം അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസിന് പരാതി ലഭിച്ചിരുന്നോ ;

(ബി) എത്ര പരാതി ലഭിച്ചുവെന്നും ഇത് സംബന്ധിച്ച് ആദ്യ പരാതി ലഭിച്ചത് എന്നാണെന്നും അറിയിക്കുമോ ; ഈ പരാതികളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) അൽശഫ ട്രാവൽ ആന്റ് മാൻ പവർ കൺസൾട്ടൻസി എന്ന സ്ഥാപനം അമിത ഫീസ് ഈടാക്കി കുവൈറ്റിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്ത സംഭവം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

അരൂരിൽ ഫയർ സ്റ്റേഷൻ

111(5700) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വ്യവസായ-ആഭ്യന്തര മന്ത്രിമാരുടെയും സ്ഥലം എം.എൽ.എ.-യുടെയും വകുപ്പുതലവൻമാരുടെയും യോഗം തീരുമാനിച്ചിരുന്നോ ;

(ബി) അത് പ്രകാരം എന്തെല്ലാം നടപടികളാണ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly